ടെലിഫോൺ : 0471 2512585
ഫാക്സ് : 0471 2305891
പിൻകോഡ് : 695033

ടെലിഗ്രാം : നിയമസഭ
Email:training@niyamasabha.org
website:www.niyamasabha.org

Urgent

**പാർലമെന്ററി പഠന പരിശീലന കേന്ദ്രം**
**കേരളനിയമസഭാ സെക്രട്ടേറിയറ്റ്**

തിരുവനന്തപുരം,
നമ്പർ 5687/ട്രെയിനിംഗ് 1/2012/ലെജി 12-12-2012.

സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി,
ഉന്നത വിദ്യാഭ്യാസ വകുപ്പ്.

DIRECTORATE OF COLLEGIATE EDUCATION
17 DEC 2012
THIRUVANANTHAPURAM.
044848

സർ,

വിഷയം:- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം- കേരളത്തിലെ നിയമനിർമ്മാണസഭകളുടെ 125-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

............

കേരളത്തിലെ നിയമനിർമ്മാണസഭകളുടെ 125-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല തലത്തിൽ 'കേരള രാഷ്ട്രീയ ചരിത്രം' 'ഇൻഡ്യൻ ഭരണഘടന','നിയമനിർമ്മാണ സഭകളുടെ ചരിത്രം' എന്നീ വിഷയങ്ങൾ ആസ്പദമാക്കി ബഹു. സ്പീക്കറുടെ നിർദ്ദേശപ്രകാരം ഒരു *ക്വിസ് മത്സരം* സംഘടിപ്പിക്കുകയാണ്. 2013 മേയ്/ജൂൺ മാസത്തിൽ നിയമസഭാ കോംപ്ലക്സിൽ വച്ച് ഫൈനൽ സംഘടിപ്പിയ്ക്കാൻ കഴിയത്തക്ക വിധത്തിൽ മത്സരങ്ങൾ ക്രമീകരിയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രസ്തുത ക്വിസ് പരിപാടിയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് രണ്ട് പേരടങ്ങുന്ന ഒരു ടീമിനെ വീതം പങ്കെടുപ്പിയ്ക്കണമെന്നും, പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേരുവിവരം 2013 ജനുവരി 23-നു മുൻപ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മത്സരങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

വിശ്വസ്തതയോടെ,

കെ. ജി. ത്രിദീപ്,
അണ്ടർ സെക്രട്ടറി (ഐ.ടി.& ട്രെയിനിംഗ്),
സെക്രട്ടറിക്കുവേണ്ടി.

പകർപ്പ്
ഡയറക്ടർ,
ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ,
തിരുവനന്തപുരം.

മേലെഴുത്ത് നം.ജി 3/44848/2012/കോ.വി.വ  തീയതി. 08/01/2013

പകർപ്പ് എല്ലാ ഗവൺമെന്റ്/സ്വകാര്യ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
ഡോ.പി.കെ.വേലായുധൻ
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.എസ്.- 10/1/13